**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1761**

**10.03.2020 ൽ മറുപടിക്ക്**

## ജനസൗഹൃദ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. വി. ജോയി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദ പരമാക്കി അവയെ ജനസേവന കേന്ദ്രങ്ങൾ എന്ന സ്ഥിതിയിലേക്ക് മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദ മാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദപരമാക്കി അവയെ ജനസേവന കേന്ദ്രങ്ങൾ എന്ന സ്ഥിതിയിലേക്ക് മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>2. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തുകയും, സ്ത്രീ സുരക്ഷ മുൻനിർത്തി പിങ്ക് പട്രോൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>3. പിടിച്ചുപറി, ഗുണ്ട ആക്രമണം, കുട്ടികൾക്ക് നേരെയുള്ള ആക്രമണം എന്നിവ തടയുന്നതിന് പോലീസ് പട്രോളിംഗ് സംവിധാനം രാത്രികാല ങ്ങളിലടക്കം ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>4. മിക്ക ജില്ലകളിലും കോസ്റ്റൽ പോലീസ് സ്റ്റേഷൻ രൂപീകരിച്ചും, ശിശു സൗഹൃദ പോലീസ് രൂപീകരിച്ചും കുട്ടികളോടുള്ള അതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. |

5. പ്രധാനപ്പെട്ട സ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും, സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ച് പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി CCTNS, GIS, CLUES, THUNA, RAPID, TRACK THE MISSING CHILD എന്നീ പോർട്ടലുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

7. സൈബർ ഡോം, സൈബർ സെൽ എന്നിവ സ്ഥാപിച്ചതിലൂടെ സൈബർ കുറ്റകൃത്യങ്ങൾ വേഗത്തിൽ അന്വേഷിക്കുന്നതിന് സാധിക്കുന്നു.

8. കേസന്വേഷണം ശാസ്ത്രീയവും മികവുറ്റതാക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

ബി) പൊതുജനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടെ ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിച്ച് ക്രമസമാധാനം ഉറപ്പാക്കാൻ പരിപാടിയുണ്ടോ;

ബി) ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതി ഏറ്റവും പ്രാധാന്യം കൊടുക്കുന്ന വിഷയങ്ങളിലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് സ്ത്രീകൾക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തി വരുന്നു. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമത്തിനെതിരെ സ്വയം പ്രതിരോധ പരിശീലന പരിപാടി, തെരഞ്ഞെടുക്കപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുകയും അവർ റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാലയങ്ങൾ, ക്യാമ്പസുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും മറ്റ് സ്ത്രീകൾക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഫലമായി കേരളത്തിലെ 60% സ്ത്രീകൾക്കും പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

കൂടാതെ കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള സൈബർ അതിക്രമങ്ങൾ പ്രതിരോധിക്കാൻ വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം റസിഡൻസ് അസോസിയേഷനുകളുടെ പിന്തുണയോടെ വിതരണം ചെയ്തു വരുന്നു.

| | |
|---|---|
| സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിൽ നടത്തിവരുന്ന ആധുനികീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസിൽ നടത്തിവരുന്ന ആധുനികീകരണ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. പോലീസിനെ ക്രമസമാധാന പരിപാലന രംഗത്ത് രാജ്യത്തിന് മാതൃകയാകുംവിധം ആധുനികവത്കരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്രമസമാധാനപാലനവും കേസന്വേഷണവും മികവുറ്റതാക്കുന്നതിനു വേണ്ടി നിലവിൽ 477 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിങ് നെറ്റ് വർക്കിങ് സിസ്റ്റം (CCTNS) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

3. ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequencer, Advanced equipment for document examination, Digital Zoom Static Microscope, FTIR Spectrometer, Refractometer, PCR Machine, Ultra low temperature freezer, Refrigerated Centrifuge തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബുകളിൽ സ്ഥാപിച്ചു വരുന്നു.

4. കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.

5. കേസ്സന്വേഷണം എളുപ്പമാക്കുന്നതിന് അത്യാധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ബോഡി വോൺ ക്യാമറകൾ, CCTV ക്യാമറകൾ, Vehicle Mounted GPS System, Unmanned Aerial Vehicle, ട്രാഫിക് സിഗ്നൽ സിസ്റ്റം, ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ എന്നിവ പോലീസിന് ലഭ്യമാക്കിയിട്ടുണ്ട്.

6. കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനും Trace my trip, Nearest/Jurisdictional police station, SOS-Panic message, Chat Bot for public service, Offense reporting, Citizen services, Traffic guru തുടങ്ങിയ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുള്ളതും അവ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനുമുള്ള ഉപകരണങ്ങൾ, സ്യൂട്ടുകൾ, നിരീക്ഷണ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്.

8. തീരദേശ സുരക്ഷയ്ക്കും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി സാറ്റലൈറ്റ് ഫോണുകൾ വാങ്ങിയിട്ടുണ്ട്.

9. Cyber Crime Prevention Against Women and Children (CCPWC) Project സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CCPWC Project. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാഡമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിങ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

10. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കു പകരം അത്യാധുനികരീതിയിലുള്ള Digital Communication System തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

11. ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിന് 'വെർച്ചൽ ക്യൂ' സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

-----------------------